# പള്ളികുദാശകാലം

## വചന വിചിന്തനം

### പള്ളികുദാശകാലം മൂന്നാം ഞായർ

യോഹ 2,12-22

**"ശാന്തശീലരെ ഭൂമി അവകാശമാക്കാൻ മാത്രം ഭാഗ്യവാൻമാരാക്കി ഉയർത്തിയ കർത്താവ് ക്രുദ്ധനാകുന്നു! തർക്കിക്കുകയോ ബഹളം കൂട്ടുകയോ തെരുവീഥികളിൽ സ്വരമുയർത്തുകയോ ചെയ്യാത്തവനെന്നു പ്രവചനമുള്ളവൻ ചാട്ടവാറെടുക്കുന്നു! എന്നിട്ട്, അവൻ പറയുന്നതും പഠിപ്പിക്കുന്നതും ഒന്നുമാത്രം; "എൻെറ പിതാവിൻെറ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്. അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും""**

ശാന്തശീലൻ എന്നവകാശപ്പെട്ടവൻ ക്രൂദ്ധനാകുന്നുണ്ടെങ്കിൽ അതിന് ഒറ്റ കാരണം മാത്രമെയൊള്ളു; "ദൈവത്തിന്റെ ആലയം കച്ചവടസ്ഥലമാക്കിയിരിക്കുന്നു." വിനീതഹൃദയൻ എന്ന് സ്വയം പരിചയപ്പെടുത്തുന്നവനും, തർക്കിക്കുകയോ ബഹളം കൂട്ടുകയോ തെരുവീഥികളിൽ സ്വരമുയർത്തുകയോ ചെയ്യാത്തവനെന്നു പ്രവചനമുള്ളവൻ ചാട്ടവാറെടുക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണവും ക്രിസ്തു ചേർത്തുവയ്ക്കുന്നുണ്ട്; "ദൈവത്തെയും അവന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും" എന്നതുതന്നെ. കർത്താവ് തന്നെതന്നെ പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ്, "കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ..." (പുറ 34,6). ഇങ്ങനെയുള്ള കർത്താവ് ധാർഷ്ട്യം നിറഞ്ഞവനെപ്പോലെ ചാട്ടവാറെടുക്കുന്നുണ്ടെങ്കിൽ, അതിന്റെ രത്നചുരുക്കം "തിന്മ വച്ചു പൊറുപ്പിക്കാത്തവൻ..." എന്നെ പേരുകൂടി കർത്താവിന് കൽപ്പിച്ച് നൽകിയാൽ മതി.

*ദൈവത്തിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും... ഈ തീക്ഷ്ണതയാണ് ഇന്ന് നമ്മുക്ക് നഷ്ടപ്പെടുന്നത്!*

യഹൂദരുടെ പെസഹാതിരുന്നാളിന് ജറുസലെം ദേവാലയത്തിലെത്തുന്ന കർത്താവ് കാണുന്ന കാഴ്ച്ച അമ്പരിപ്പിക്കുന്നതായിരുന്നു. ദൈവത്തിന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടേണ്ടിയിരിക്കെ കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്ന കച്ചവടസ്ഥലമക്കി മാറ്റിയിരിക്കുന്ന ദേവാലയത്തെയാണ്. ഇതിനുപുറമെ, ദേവാലയം ശുദ്ധീകരിക്കുന്ന കർത്താവിൽനിന്ന് ഒന്ന് വ്യക്തമാണ് കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവർ മാത്രമല്ല. മറിച്ച്, നാണയം മാറ്റാനിരിക്കുന്നവരെയും ദേവാലയത്തിൽ ക്രിസ്തു കണ്ടു. ഇതാണ് ക്രിസ്തുവിനെ ക്രുദ്ധനാക്കുന്നത്. ഇവിടെയാണ്, "എൻെറ പിതാവിൻെറ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്" എന്ന് പറഞ്ഞ് കയറുകൊണ്ട് ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടുംകൂടെ ദേവാലയത്തിൽനിന്നു പുറത്താക്കി; നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്യുന്നു. പ്രാവുകളെ വിൽക്കുന്നവരോട് "ഇവയെ ഇവിടെനിന്ന് എടുത്തുകൊണ്ടു പോകുവിൻ" എന്ന് കൽപ്പിക്കുന്നു. ഇത് കാണുന്ന ശിഷ്യൻമാർ ക്രിസ്തുവചനം ഓർക്കുന്നു; "അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും."

ദേവാലയം പ്രാർത്ഥനയ്ക്കുള്ള ഇടമാണ്. മനുഷ്യന് തന്റെ ജീവിതത്തിന്റെയും കുടുംബത്തിന്റെയും കണ്ണുനീരുകളും കഷ്ടപാടുകളും സങ്കടങ്ങളും സന്തോഷങ്ങളും

സമർപ്പിക്കാനുള്ള ഇടമാണ് ദേവാലയം. മുറിവേറ്റവന്റെ മുറിവ് വച്ചുകെട്ടുവാനുള്ള ഇടമായിരിക്കണം ദേവാലയം. കണ്ണുനീർ വാർക്കുന്നവന്റെ കണ്ണുനീർ തുടയ്ക്കുവാനുള്ള ഇടമായിരിക്കണം ദേവാലയം. ഒരുവന്റെ ജീവിതപ്രതിസന്ധിയിൽ തനിക്ക് അഭയം തേടാവുന്ന അഭയശിലയായി മാറ്റപ്പെടേണ്ട ഇടമായിരിക്കണം ദേവാലയം. എന്നിട്ടും, യഹൂദരുടെ ദേവാലയങ്ങളുടെ ദേവാലയമായ 'ജറുസലേം ദേവാലയം' കള്ളൻമാരുടെയും കവർച്ചക്കാരുടെയും ഗുഹയായി മാറ്റപ്പെടുന്നു. ഇത് കർത്താവിനെ ചൊടിപ്പിക്കുന്നു. അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി ആടുകളോടും കാളകളോടുംകൂടെ അധർമ്മം പ്രവർത്തിക്കുന്നവരെ ദേവാലയത്തിൽനിന്നു പുറത്താക്കി. നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്യുന്നു. കാരണം, ദൈവത്തിന്റെ പുത്രൻമാത്രമാണ് ദേവാലയം ദൈവം വസിക്കുന്ന ഇടമാണ് എന്ന് ശരിയായ വിധത്തിൽ മനസ്സിലാക്കിയത്.

ദേവാലയം ദൈവത്തിന് പ്രതിഷ്ഠിതമാണ്. അത് ദൈവാരാധനയ്ക്ക് വേണ്ടി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന സ്ഥലമാണ്. അവിടെ കച്ചവടമല്ല. മറിച്ച്, ദൈവാരാധനയാണ് നടക്കേണ്ടത്. ഹോസിയപ്രവാചകന്റെ പുസ്തകത്തിൽ ഇസ്രായേൽ ജനത്തിനും പുരോഹിതനും എതിരെ പരാതി പറയുന്ന കർത്താവിനെ നാലാം അദ്ധ്യായത്തിൽ നാം പരിചയപ്പെടുന്നുണ്ട്. അവിടെ കർത്താവ് പറയുകയാണ്;

"ഇസ്രായേൽജനമേ, കർത്താവിന്റെ വാക്കു കേൾക്കുക. ദേശവാസികൾക്കെതിരേ അവിടുത്തേക്ക് ഒരു ആരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു. ഒന്നിനുപിറകേ ഒന്നായി കൊലപാതകം നടക്കുന്നു. അതിനാൽ, ദേശം വിലപിക്കുന്നു; അതിലെ സകല നിവാസികളും ക്ഷയിക്കുന്നു; വയലിലെ മൃഗങ്ങളും ആകാശത്തിലെ പറവകളും സമുദ്രത്തിലെ മത്സ്യങ്ങൾപോലും അപഹരിക്കപ്പെടുന്നു" (ഹോസി 4,1–4). ഇതിന് കാരണമായി പറയുന്നത് പുരോഹിതന്റെയും പ്രവാചകന്റെയും പിടിപ്പുകേടിനെയാണ്. "പുരോഹിതാ, നിനക്കെതിരേയാണ് എന്റെ ആരോപണം. പട്ടാപ്പകൽ നീ കാലിടറി വീഴും. പ്രവാചകനും രാത്രി നിന്നോടൊപ്പം കാലിടറി വീഴും" (ഹോസി 4,4–5). ജറുസലേം ദേവാലയത്തിന്റെ കെടുകാര്യസ്ഥതയ്ക്ക് കാരണവും ഇത് തന്നെയായിരുന്നു; "പുരോഹിതൻമാരുടെ കെടുകാര്യസ്ഥത!"

ചമ്മട്ടിയുണ്ടാക്കി ആടുകളോടും കാളകളോടുമൊപ്പം കച്ചവടക്കാരെ പുറത്താക്കുന്ന ഈശോ ഒരിക്കൽപ്പോലും ചമ്മടി ഉപയോഗിക്കുന്നില്ല!

ദൈവത്തിനും ദൈവജനത്തിനുംവേണ്ടി കുദാശ ചെയ്യപ്പെട്ടിരിക്കുന്ന ദേവാലയം ദൈവീകകാര്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നവയാണ്. അത് ജഢികകാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത് ദൈവത്തോടുള്ള അവഹേളനമാണ്. എങ്കിൽ, ഇതിനോട് ചേർത്തുവയ്ക്കേണ്ട മനോഹരമായ ചിന്ത വി.പൗലോസ്ശ്ലീഹ കോറിന്തിയോസുകാർക്കെഴുതിയ ലേഖനത്തിൽ കുറിച്ച് വയ്ക്കുന്നുണ്ട്; "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1കോറി 6,19–20). ചുരുക്കത്തിൽ, വി.പൗലോസ്ശ്ലീഹ പറഞ്ഞുവയ്ക്കുന്നത്, "ദേഹം ദേവാലയമാണ്" എന്നാണ്. ദേവാലയം കുദാശ ചെയ്യപ്പെടുന്നതുപോലെ ദേഹം കുദാശ ചെയ്യപ്പെടുന്നതാണ് മാമ്മോദീസ. മാമ്മോദീസായിലൂടെ കുദാശ ചെയ്യപ്പെട്ട ദേഹത്തെ വിശുദ്ധിയിൽ കാത്തുസൂക്ഷിക്കാൻ സാധിക്കണം.

ഒരിക്കൽ ഒരു വലിയ വീട്ടിൽ കർത്താവ് വിശിഷ്ട അതിഥിയായി എത്തി. വിഭവസമൃദ്ധമായ ഭക്ഷണത്തിന് ശേഷം ആ വീട്ടുകാരൻ ഏറ്റവും മനോഹരമായ മുറി കർത്താവിന് വേണ്ടി ഒരുക്കുകയും കർത്താവിനെ ഉറങ്ങാൻ അനുവദിക്കുകയും ചെയ്തു. സമ്പന്നനായ അയ്യാൾക്ക് അന്ന് വലിയ സന്തോഷമായി. കാരണം, ആർക്കും ലഭിക്കാത്ത

വലിയ ഭാഗ്യമാണ് ഇന്ന് അയ്യാൾക്ക് ലഭിച്ചിരിക്കുന്നത്; ദൈവം തന്നെയായ കർത്താവ് തന്റെ ഭവനത്തിലേയ്ക്ക് വിരുന്നുണ്ണാൻ വരികയും തന്റെ ഭവനത്തിൽ അന്തിയുറങ്ങുകയും ചെയ്തിരിക്കുന്നു. അതിയായ സന്തോഷത്തിൽ ഉറങ്ങാൻ പോയ അയ്യാൾ പാതിരാത്രിയായപ്പോൾ വാതിൽക്കൽ ആരോ മുട്ടുന്നത് കേട്ട് ഉറക്കമുണർന്ന് വാതിൽ തുറന്ന് നോക്കിയപ്പോൾ അയ്യാൾ ഞെട്ടിപ്പോയി. അതാ, വാതിൽക്കൽ ഒരു സാത്താൻ...

പിറ്റേന്ന്, സങ്കടത്തോട് കൂടെ കർത്താവിനോട് അയ്യാൾ പരാതി പറഞ്ഞു; "നീ ഇവിടെ അന്തിയുറങ്ങിയിട്ടും ഇന്നലെ രാത്രി ഒരു സാത്താൻ വന്ന് എന്നെ ശല്ല്യപ്പെടുത്തി."

ഇത് കേട്ട കർത്താവ് പറഞ്ഞു; "ഇന്നലെ നീ എനിക്ക് വിഭവസമൃദ്ധമായ ഭക്ഷണം നൽകി. ഈ വീട്ടിലെ ഏറ്റവും മനോഹരമായ മുറിയും നൽകി. പക്ഷെ, നീ എനിക്ക് ഈ വിട്ടിലെ എല്ലാ മുറിയും നൽകിയില്ലായിരുന്നു... ഒരു മുറി മാത്രമെ നൽകിയൊള്ളു." അയ്യാൾക്ക് കാര്യം പിടി കിട്ടി. അന്ന് അന്തിയായപ്പോൾ കർത്താവിന് വിഭവസമൃദ്ധമായ ഭക്ഷണം നൽകി ഉറങ്ങാൻ വിടുന്നതിന് മുമ്പ് ആ ഭവനത്തിന്റെ എല്ലാ വാതിലുകളും കർത്താവിനായ് തുറന്നിട്ടു. സുന്ദരസ്വപ്നങ്ങൾ കണ്ട് ഗാഢനിദ്രയിലായിരുന്ന അയ്യാൾ പാതിരാത്രിയായപ്പോൾ വീണ്ടും വാതിലിൽ മുട്ട് കേട്ട് എഴുന്നേറ്റു. വാതിൽ തുറന്ന് നോക്കിയ അയ്യാൾ വീണ്ടും ഞെട്ടിപ്പോയി; "ഇന്നലെ വന്ന അതേ സാത്താൻതന്നെ പുറത്ത് നിൽക്കുന്നു!"

പിറ്റേദിവസം വീണ്ടും അയ്യാൾ കർത്താവിനോട് പരാതി പറഞ്ഞു; "ഇന്നലെ എന്റെ വീടിന്റെ മുഴുവൻ വാതിലുകളും നിനക്കായ് തുറന്നിട്ടിട്ടും രാത്രി വീണ്ടും ചെകുത്താൻ വന്ന് എന്നെ ശല്ല്യപ്പെടുത്തി." കർത്താവ് അയ്യാളോട് പറഞ്ഞു;

"നീ എനിക്കായ് നിന്റെ വീടിന്റെ എല്ലാ മുറികളുടെയും വാതിലുകൾ തുറന്നിട്ടു. പക്ഷെ, എന്നിട്ടും, നിന്റെ ഹൃദയത്തിന്റെ വാതിൽ എനിക്കായ് തുറന്നിട്ടില്ല!"

അന്ന് ഉറങ്ങാൻ പോകുന്നതിന് മുമ്പ് അയ്യാൾ കർത്താവിനോട് പറഞ്ഞു; "എന്റെ കർത്താവെ, നിനക്ക് ഞാൻ എന്റെ ഉള്ളവും ഉള്ളതും എല്ലാം സമർപ്പിക്കുന്നു. നീ എന്റെ രാജാവായി എന്നെ സംരക്ഷിക്കണമേ..." സുഖനിദ്രയിലായിരുന്ന അയ്യാൾ വീണ്ടും പാതിരാത്രിയായപ്പോൾ വാതിൽക്കൽ മുട്ട് കേട്ടു. വാതിൽ തുറക്കാനായി അയ്യാൾ എത്തുന്നതിനുമുമ്പ് കർത്താവ് വന്ന് വാതിൽ തുറന്നു. പുറത്ത് അതേ സാത്താൻ തന്നെ. പക്ഷെ, സാത്താൻ ഇക്കുറി പറഞ്ഞു;

"സോറി... ദൈവത്തിന്റെ വീടായിരുന്നോ? എനിക്ക് തെറ്റിപ്പോയി...."

ദൈവത്തിനുവേണ്ടി സമർപ്പിക്കുന്നവയെ ദൈവത്തിനുവേണ്ടി പൂർണ്ണമായി നൽകുവാൻ സാധിക്കണം. അത് ദേവാലയമാകാം... ദേഹവുമാകാം... അവിടെ മാത്രമാണ് ദൈവം വസിക്കുകയും ദൈവത്തിന്റെ സംരക്ഷണം സമൃദ്ധമായി ഉണ്ടാവുകയും ചെയ്യുന്നത്!

*ദൈവം വസിക്കുന്ന ഇടം ദേവാലയം. ദൈവം കുടികൊള്ളുന്ന ഇടം ദേഹം!*

***"എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ അതു കവർച്ചക്കാരുടെ ഗുഹയാക്കുന്നു.***

മത്താ 21,11

ഫാ. ജോബി മേനോത്ത്
+91 9447777931